പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1080. 01.03.2017 ന് മറുപടിയ്ക്ക്

## മയക്കമരുന്നിന്റെ വില്പനയും ഉപഭോഗവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മയക്കമരുന്നിന്റെ വില്പനയും ഉപഭോഗവും വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | ഇല്ല. അതേസമയം എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയതിന്റെ ഫലമായി എൻ.ഡി.പി.എസ്. നിയമ പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2017 ജനുവരി 31 വരെ എക്സൈസ് വകുപ്പ് 2508 കേസുകൾ എൻ.ഡി.പി.എസ്. നിയമപ്രകാരം രജിസ്റ്റർ ചെയ്തപ്പോൾ 2015 -16 വർഷത്തിൽ സമാന കാലയളവിൽ 1144 കേസുകൾ മാത്രമാണ് രജിസ്റ്റർ ചെയ്തിരുന്നത്. |
| (ബി) | കഴിഞ്ഞ എട്ടുമാസക്കാലയളവിൽ എക്സൈസ് വകുപ്പ് നടത്തിയ റെയിഡുകളുടെ എണ്ണമെത്രയാണ് ; റെയിഡുകളിൽ പിടിച്ചെടുത്ത മയക്കമരുന്ന്, വ്യാജചാരായം ,വ്യാജ സ്പിരിറ്റ്, കഞ്ചാവ് എന്നിവയുടെ അളവുകൾ വിശദമാക്കാമോ ? | (ബി) | 2016 ജൂൺ 1 മുതൽ 2017 ജനുവരി 31 വരെയുള്ള കഴിഞ്ഞ എട്ടുമാസക്കാലയളവിൽ എക്സൈസ് വകുപ്പ് 94955 റെയിഡുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത റെയിഡുകളിൽ രജിസ്റ്റർ ചെയ്ത 18363 അബ്കാരി കേസുകളിലും 2480 എൻ.ഡി.പി.എസ്. കേസുകളിലുമായി 2663 ലിറ്റർ വ്യാജചാരായം, 1184 ലിറ്റർ വ്യാജ സ്പിരിറ്റ്, 564 കിലോഗ്രാം കഞ്ചാവ്, 2243 കഞ്ചാവ് ചെടി, 10.8 കിലോഗ്രാം ഹാഷിഷ് ഓയിൽ, 101 ഗ്രാം ബ്രൗൺ ഷുഗർ, 35 ഗ്രാം ഹെറോയിൻ, 50 ഗ്രാം മോർഫിൻ, 450 ഗ്രാം പോപ്പി പ്ലാന്റ് പൗഡർ, 29 ഗ്രാം ഓപ്പിയം, 125 ഗ്രാം കഞ്ചാവ് ലേഹ്യം, 170 ഗ്രാം ചരസ്, 6113 ടാബ്ലറ്റ്/ആംപ്യൂൾ (നൈട്രാസെഫാം/ ഡൈസഫാം/ പെന്റാസോസിൻ/ അൽപ്രാസോളം/ ബ്യൂപ്രിനോർഫിൻ) തുടങ്ങിയവ പിടിച്ചെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ